**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഹു. കേരളാ അഡ്മിനിസിട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ. സി. സോമസുന്ദരം റിട്ട. ഹെൽത്ത് ഇൻസ്പെകടർ, കണ്ണൂർ മുനിസിപ്പാലിറ്റി ഫയൽ ചെയ്ത ഒ.പി. നം. 1612/15 മേലുള്ള 08.04.2016 ലെ അന്തിമ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 55/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 09.01.2017.

===========================================================================

**പരാമർശം :** 1) ശ്രീ. സി. സോമസുന്ദരം, റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ, കണ്ണൂർ മുനിസിപ്പാലിറ്റി സമർപ്പിച്ച 10.09.2015-ലെ അപേക്ഷ

2) ശ്രീ. സി. സോമസുന്ദരം കേരളാ അഡ്മിനിസട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. നം. 1612/15 മേലുള്ള 08.04.2016 ലെ അന്തിമ വിധിന്യായം.

3) നഗരകാര്യ ഡയറക്ടറുടെ 21.06.2016, 25,07.2016 എന്നീ തീയതികളിലെ P9/696/12 നമ്പർ കത്തുകൾ.

**ഉത്തരവ്**

കണ്ണൂർ നഗരസഭയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടറായി വിരമിച്ച ശ്രീ. സി. സോമസുന്ദരത്തിന്റെ ഡി.സി.ആർ.ജി. ആനുകൂല്യം അനുവദിച്ചപ്പോൾ 38% ഡി.എ. അനുവദിക്കേണ്ടിയിരുന്നതിന് പകരം 31% ഡി.എ ആണ് അനുവദിച്ചിരുന്നതെന്നും ഇത് പരിഹരിച്ച് മുടക്കം വന്ന കാലയളവിലേയ്ക്ക് പലിശ സഹിതം ആനുകൂല്യങ്ങൾ അനുവദിക്കാണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സർക്കാരിന് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിലെ ആവശ്യങ്ങൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാൻ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA No. 1612/2015 മേലുള്ള പരാമർശം (2) ലെ അന്തിമ വിധിന്യായത്തിൽ ഈ കേസിലെ ഒന്നാം എതിർ കക്ഷിയായ സർക്കാർ, രണ്ടാം എതിർ കക്ഷിയായ നഗരകാര്യ ഡയറക്ടറിൽ നിന്ന് ഇത് സംബന്ധിച്ച് റിപ്പോർട്ട് വാങ്ങി, പരാതിക്കാരന്റെ Annexure A11 അപേക്ഷയിന്മേൽ, ഉത്തരവ് ലഭിച്ച് മൂന്നു മാസത്തിനകം തീരുമാനം കൈക്കൊള്ളാനും നിർദ്ദേശിച്ചിരുന്നു.

2. ഈ വിഷയത്തിന്മേൽ പരാമർശം (3) പ്രകാരമുള്ള നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടു പ്രകാരം കണ്ണൂർ നഗരസഭയിൽ നിന്നും 31.05.2012 ൽ റിട്ടയർ ചെയ്ത ഹെൽത്ത് സൂപ്പർവൈസർ ശ്രീ. സോമസുന്ദരത്തിന്

തദവസരത്തിൽ 38% ഡി.എ. ക്ക് അർഹതയുണ്ടെങ്കിലും ആയത് സംബന്ധിച്ച ഉത്തരവ് 04.06.2012 ലാണ് ഇറങ്ങിയതെന്നു, ആയതിനാൽ 25.05.2012 ൽ ടിയാന്റെ പെൻഷനാനുകൂല്യങ്ങൾ നിശ്ചയിക്കുമ്പോൾ 31 ഡിഎ നൽകാനേ സാധിക്കുമായിരുന്നുള്ളൂ വെന്നും, തുടർന്ന് കാലാകാലങ്ങളിൽ ഉണ്ടാകുന്ന ഡി.എ വ്യത്യാസങ്ങൾക്ക നുസരിച്ച് ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ എന്നിവ പുനർ നിർണ്ണയിച്ച് നൽകുന്നതിന് അതാത് സബ് ഓഫീസ് മേധാവികളെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടു ണ്ടെന്നും, പ്രസ്തുത ഡി.എ. അനുസരിച്ച് പെൻഷനാനു കൂല്യങ്ങൾ നിജപ്പെടുത്തി നൽകുന്നതിന് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണെന്നും, കേരളാ സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച കത്തിൽ പരാമർശിച്ചിട്ടുള്ളതായി അറിയിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ നഗരസഭയിൽ നിന്ന് ഹെൽത്ത് ഇൻസ്പെക്ടറായി വിരമിച്ച ശ്രീ. സോമസുന്ദരത്തിനു റിട്ടയർമെന്റ് തീയതിയിൽ 38 ശതമാനം ക്ഷാമബത്തയ്ക്ക് അർഹത ഉള്ളതിനാൽ ടിയാന് തദനുസൃത സാമ്പത്തിക ആനുകൂല്യം അനുവദിച്ചുകൊണ്ടും, 31.05.2012-ൽ സർവ്വീസിൽ നിന്നും പെൻഷൻ പറ്റിയിട്ടുള്ള ടിയാന്റെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് 31.10.2012 വരെയുള്ള പലിശ കണക്കാക്കി 09.11.2012 ൽ ക്ലോസ് ചെയ്ത് ഉത്തരവ് നൽകിയിട്ടുള്ള സാഹചര്യത്തിൽ പ്രൊവിഡന്റ് ഫണ്ടിന് കാലതാമസത്തിന് പലിശ നൽകണമെന്ന ആവശ്യം നിരസിച്ചും ഉത്തരവാകുന്നു.

4. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No.1612/15 ന്മേലുള്ള 08.04.2016 ലെ ഉത്തരവ് ഇപ്രകാരം നടപ്പിലാക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**രമേശൻ. എം കെ,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്), തിരുവനന്തപുരം.
ശ്രീ. സി. സോമസുന്ദരം, റിട്ട.ഹെൽത്ത് ഇൻസ്പെക്ടർ,
കണ്ണൂർ മുനിസിപ്പാലിറ്റി (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ. കേരള സ്റ്റേറ്റ് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ്സൈറ്റിൽ പരസ്യം ചെയ്യുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**